# വ്യവസായ കേരളം

09

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

15 JANUARY 2022






## വ്യവസായ വകുപ്പിന്റെ

# കേന്ദ്രീകൃത ഓൺലൈൻ മോണിറ്ററിംഗ് സംവിധാനത്തിന്റെ

### ഉദ്ഘാടനം ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി നിർവ്വഹിച്ചു

വ്യവസായ വകുപ്പിന് കീഴിലുള്ള മുഴുവൻ പദ്ധതികളേയും, പ്രവർത്തനങ്ങളേയും നിരീക്ഷിക്കുവാനുള്ള കേന്ദ്രീകൃത ഓൺലൈൻ മോണിറ്ററിംഗ് സംവിധാനം 2022 ജനുവരി 7 ന് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് നിർവ്വഹിച്ചു. വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളുടെയും വകുപ്പ് നടപ്പിലാക്കുന്ന ഓരോ പദ്ധതിയുടെയും ഘടകങ്ങൾ വിശദമായി മോണിട്ടർ ചെയ്യുകയും അതിലൂടെ വകുപ്പിന്റെ പദ്ധതികളുടെ നിർവ്വഹണ പുരോഗതി യഥാസമയം വിലയിരുത്തി വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുകയുമാണ് ഇതിന്റെ ലക്ഷ്യം (www.pms.industry.kerala.gov.in).

ചടങ്ങിൽ കെ.എസ്.ഐ.ഡി.സി. മാനേജിങ് ഡയറക്ടർ ശ്രീ. എം. ജി. രാജമാണിക്യം ഐ.എ.എസ്. സ്വാഗതപ്രസംഗം നടത്തി. വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറും കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷന്റെ എക്സിക്യൂട്ടീവ് ഡയറക്ടറുമായ ശ്രീ. എസ്.ഹരികിഷോർ ഐ.എ.എസ്.; കയർ ഡയറക്ടർ ശ്രീ. വി. ആർ. വിനോദ് ഐ.എ.എസ്.; കേരള ഡിജിറ്റൽ സർവ്വകലാശാല വൈസ് ചാൻസിലർ, ഡോ. സജി ഗോപിനാഥ്; റിയാബ് മെംബർ സെക്രട്ടറി ശ്രീ. കെ. പദ്മകുമാർ; കെബിപ്പ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. സൂരജ് എസ്.; കിൻഫ്ര മാനേജിങ് ഡയറക്ടർ ശ്രീ. സന്തോഷ് കോശി തോമസ് എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.




വകുപ്പിന് കീഴിലുള്ള ഓരോ സ്ഥാപനങ്ങളും നടപ്പിലാക്കുന്ന പദ്ധതികളും അതിന്റെ വിവിധ ഘടകങ്ങളും, കൂടാതെ എല്ലാ നടപടികളും കൃത്യമായി ഈ പ്രോജക്റ്റ് മാനേജ്മെന്റ്, സംവിധാനത്തിലേക്ക് കൊണ്ട് വരികയും, ഓരോ പ്രവർത്തികൾക്കും കൃത്യമായ സമയക്രമം നിശ്ചയിക്കപ്പെടുകയും ചെയ്യും. ഇത് ഒരു കേന്ദ്രീകൃത ആക്ടിവിറ്റി കലണ്ടർ മുഖേന ബന്ധിപ്പിക്കുകയും എല്ലാ പ്രവൃത്തികളും സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുകയും ചെയ്യും. കൂടാതെ നിർവഹണ ഉദ്യോഗസ്ഥർക്ക് പദ്ധതി നടപ്പിലാക്കുന്നതിനെ സംബന്ധിച്ച എന്തെങ്കിലും ബുദ്ധിമുട്ടുകളോ, പരാതികളോ ഉണ്ടെങ്കിൽ അത് ഈ സംവിധാനത്തിലൂടെ റിപ്പോർട്ട് ചെയ്യുന്നതിനും അത് ഉദ്യോഗസ്ഥ തലത്തിലോ, സർക്കാർ തലത്തിലോ, മന്ത്രി തലത്തിലോ പരിഹരിക്കുന്നതിനും മറ്റു മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുന്നതിനും വേണ്ട സംവിധാനങ്ങളും ഇതിൽ ഒരുക്കിയിട്ടുണ്ട്.

പദ്ധതിയുടെ വിവരങ്ങൾ ഓൺലൈൻ സംവിധാനത്തിലേക്ക് യഥാസമയം അപ്‌ലോഡ് ചെയ്യുന്നതിനും, നിരീക്ഷിക്കുന്നതിനും വിശകലനം ചെയ്യുന്നതിനുമായി ഒരു മൊബൈൽ ആപ്പും ഈ സംവിധാനത്തിന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്. കൂടാതെ ഓരോ നിയോജക മണ്ഡലങ്ങളിലും വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളും പ്രത്യേകമായി മനസ്സിലാക്കുവാനും ഇതിലൂടെ സാധിക്കും.


**സംശയിക്കണ്ട, ഉത്തരങ്ങൾ ഉണ്ട്..!**

വിളിക്കൂ

**1800 890 1030**



സംരംഭകർക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള ടോൾ ഫ്രീ സംവിധാനം.

# സംരംഭകരുടെ പരാതികൾക്ക് പരിഹാരമായി കാസർഗോഡ് ജില്ലയിലെ മീറ്റ് ദ മിനിസ്റ്റർ പരിപാടി

MEET THE MINISTER
Among entrepreneurs

വ്യവസായ സംരംഭങ്ങൾ നടത്തുന്നവരുടേയും പുതുതായി തുടങ്ങാൻ ആഗ്രഹിക്കുന്നവരുടേയും പരാതികളും പ്രശ്നങ്ങളും തടസ്സങ്ങളും നേരിട്ട് കേട്ട് പരിഹരിക്കുന്നതിനായി ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി പി രാജീവിന്റെ ''മീറ്റ് ദ മിനിസ്റ്റർ" പരിപാടി കാസർഗോഡ് ജില്ലയിൽ സംഘടിപ്പിച്ചു. 2022 ജനുവരി 11 ന് കാസർഗോഡ് മുൻസിപ്പൽ കോൺഫറൻസ് ഹാളിൽ ആയിരുന്നു പരിപാടി സംഘടിപ്പിച്ചത്.




കാസർഗോഡ് ജില്ലയിലെ ജില്ലാ വ്യവസായ കേന്ദ്രവുമായി ബന്ധപ്പെട്ട് ഇതിനകം സംരംഭങ്ങൾ ആരംഭിച്ചവരെയും തുടങ്ങാൻ ആഗ്രഹിക്കുന്നവരെയും പരിപാടിയുടെ ഭാഗമായി ബഹു. മന്ത്രി നേരിൽ കണ്ടു. വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും തടസങ്ങളും ഈ അവസരത്തിൽ സംരംഭകർ ബഹു. മന്ത്രിയുടെ ശ്രദ്ധയിൽപെടുത്തി. വനിതാ സംരംഭകർ ഉൾപ്പെടെയുള്ള 47 പരാതികൾ പരിഗണിച്ചു. ഉന്നയിച്ച പ്രശ്നങ്ങൾ സമയബന്ധിതമായി ബന്ധപ്പെട്ട വകുപ്പുകളിലൂടെ തന്നെ പരിഹരിക്കുന്നത്തിനുള്ള നടപടികളും കൈക്കൊണ്ടു.

വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്, വ്യവസായ വാണിജ്യ ഡയറക്ടർ എസ്. ഹരികിഷോർ ഐ.എ.എസ്, കെ.എസ്.ഐ.ഡി.സി എം.ഡി എം.ജി രാജമാണിക്യം




ഐ.എ.എസ്, ജില്ലാ കളക്ടർ ഭണ്ഡാരി സ്വാഗത് രൺവീർ ചന്ദ് ഐ.എ.എസ്, കിൻഫ്ര എം.ഡി സന്തോഷ് കോശി തോമസ് എന്നിവരുടെ നേതൃത്വത്തിലാണ് പരാതികൾ പരിഹരിച്ചത്.

പരാതികളോ പ്രശ്നങ്ങളോ ശ്രദ്ധയിൽപെടുത്താൻ ആഗ്രഹിക്കുന്നവർ അവ ജില്ലാ വ്യവസായ കേന്ദ്രത്തിൽ നേരിട്ടോ ഈ മെയിൽ വഴിയോ മുൻകൂട്ടി നൽകാൻ അവസരം നൽകിയിരുന്നു. കാണേണ്ട സമയം അപേക്ഷകരെ മുൻകൂട്ടി ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്ന് അറിയിച്ച പ്രകാരമായിരുന്നു പരിപാടി സംഘടിപ്പിച്ചത്. ഇതിനോടകം 10 ജില്ലകളിൽ മീറ്റ് ദ മിനിസ്റ്റർ' പരിപാടി പൂർത്തിയാക്കിയിരുന്നു.

# ഉത്പാദനമേഖലയ്ക്ക് ഊർജമേകാൻ മെഷിനറി എക്സ്പോ- 2022

MACHINERY
EXPO 2022

കേരളത്തിലെ സൂക്ഷ്മ- ചെറുകിട ഉല്പാദനമേഖലയ്ക്ക് ആവശ്യമായ അത്യാധുനിക യന്ത്രസാമഗ്രികളും സാങ്കേതികവിദ്യയും പകർന്നു നൽകുന്നതിനായി വ്യവസായ വാണിജ്യ വകുപ്പിന്റെ നേതൃത്വത്തിൽ വ്യവസായ യന്ത്രപ്രദർശനമേളയുടെ നാലാം എഡിഷൻ 'മെഷിനറി എക്സ്പോ- 2022' എറണാകുളത്ത് സംഘടിപ്പിക്കുന്നു. 2022 ജനുവരി 23 മുതൽ 26 വരെ എറണാകുളം കലൂർ ജവഹർലാൽ നെഹ്റു ഇന്റർ നാഷണൽ സ്റ്റേഡിയം ഗ്രൗണ്ടിലാണ് എക്സ്പോ സംഘടിപ്പിക്കുന്നത്.

MACHINERY
eXpo 2022
KERALA
Invest In Innovations
നാലാമത് മെഷിനറി എക്സ്പോ
കലൂർ ഇന്റർനാഷണൽ
സ്റ്റേഡിയം ഗ്രൗണ്ട്, കൊച്ചി
2022 ജനുവരി 23,24,25,26





മെഷീൻ ടൂളുകൾ, ഓട്ടോമേഷൻ ടെക്നോളജീസ്, സിഎൻസി മെഷീനുകളും സിസ്റ്റങ്ങളും, എസ്പിഎമ്മുകൾ മറ്റ് നൂതന പ്രോസസ്സിംഗും പാക്കിംഗ് മെഷീനുകൾ തുടങ്ങി വിവിധ മേഖലകളിൽ ഊന്നൽ നൽകിക്കൊണ്ട് സാങ്കേതികവിദ്യകളിലെ ഏറ്റവും പുതിയ ട്രെൻഡുകൾ പ്രദർശിപ്പിക്കുന്നതിനാണ് എക്സ്പോ ലക്ഷ്യമിടുന്നത്. മെഷിനറികളുടെ തത്സമയ ഡെമോയും മറ്റ് സാങ്കേതിക വാണിജ്യ വിശദാംശങ്ങളുടെയും വിവരങ്ങൾ ലഭിക്കാനും സംരംഭകരെ പ്രദർശനം സഹായിക്കും.





കാർഷിക- ഭക്ഷ്യ സംസ്ക്കരണം, വസ്ത്ര നിർമ്മാണം, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, ജനറൽ എഞ്ചിനീയറിംഗ്, പാക്കേജിംഗ് ഫാർമസ്യൂട്ടിക്കൽസ്, ആയുർവേദ ഹെർബൽ, പ്രിന്റിംഗ്, റബ്ബർ & പ്ലാസ്റ്റിക് തുടങ്ങിയ മേഖലകളിലെ നൂതന യന്ത്രസാമഗ്രികളും സാങ്കേതികവിദ്യയും സംരംഭകർക്കും സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കും ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് മേള സംഘടിപ്പിക്കുന്നത്.

സാങ്കേതിക വിദഗ്ദ്ധർക്കും നവസംരംഭകർക്കും നിലവിലെ സംരംഭകർക്കും, വിദ്യാർത്ഥികൾക്കും സംരംഭസഹായികൾക്കും മേളയിൽ പങ്കെടുക്കുവാനും ആശയവിനിമയം നടത്തുവാനും അവസരമൊരുക്കിയിട്ടുണ്ട്.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.